(ബി) ഇതിൽ എന്തു തുക വീതം ഓരോ വർഷവും പിരിച്ചെടുത്തു;

(സി) പിരിച്ചെടുത്ത തുകയിൽ പ്രതീക്ഷിച്ച തുകയെക്കാൾ കുറവ് വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ ബഡ്ജറ്റുലക്ഷ്യം 400 ലക്ഷം രൂപയും, 1997-98ലും 1998-99-ലും ബഡ്ജറ്റു ലക്ഷ്യം 375 ലക്ഷം രൂപവീതവും ആയിരുന്നു. 1999 -2000-ൽ 400 ലക്ഷം രൂപയുമാണ് ലക്ഷ്യം.

(ബി) 1996-97-ൽ 195.19 ലക്ഷം രൂപയും, 1997-98-ൽ 214.13 ലക്ഷം രൂപയും, 1998-99-ൽ 215.90 ലക്ഷം രൂപയും, 1999-2000-ൽ 31.5.1999 വരെ 3.33 ലക്ഷം രൂപയും പിരിച്ചെടുത്തു.

(സി) ബഡ്ജറ്റു ലക്ഷ്യം 1550 ലക്ഷം രൂപ ആയിരുന്നെങ്കിലും ആകെ മുതൽ 791.45 ലക്ഷം രൂപാ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ പിരിച്ചെടുക്കാവുന്ന തുക 679.27 ലക്ഷം രൂപയായിരുന്നു. ടി. തുകയിൽ 31.5.1999 വരെ 629.15 ലക്ഷം രൂപാ പിരിച്ചെടുത്തിട്ടുണ്ട്.

4 ഹെക്ടറിനു മുകളിലുള്ള തോട്ടങ്ങൾക്ക് മാത്രമാണ് നിയമാനുസൃത നികുതി ചുമത്തപ്പെടുന്നത്. ഫെല്ലിംഗ് നടത്തി റീപ്ലാന്റ് ചെയ്യുമ്പോൾ തോട്ടനികുതി ഒഴിവാക്കപ്പെടുന്നു. തോട്ടവകകൾ ഭാഗിക്കുമ്പോൾ നികുതി ചുമത്താവുന്ന വിസ്തീർണ്ണത്തിൽ കുറവുവരികയും നികുതിയിൽ കുറവുണ്ടാകുകയും ചെയ്യുന്നുണ്ട്. ചില തോട്ടങ്ങൾ നിക്ഷിപ്തവനമായിത്തീർന്നതിനാലും തോട്ടനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ചെങ്ങഴശ്ശേരി വില്ലേജിലെ ഭൂനികുതി

75 (2872) ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചെങ്ങഴശ്ശേരി (തൈക്കാട്) വില്ലേജിലെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഭൂനികുതി വരവ് ഓരോ മാസവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) വില്ലേജിലെ 1999 മാർച്ച് 31-ലെ ഭൂനികുതി ഇനത്തിൽ മൊത്തം കുടിശ്ശിക എത്ര; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തുക അടിയന്തിരമായി പിരിച്ചെടുക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) നഗരത്തിലെ ഭൂനികുതിയിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; ഏത് തീയതി മുതൽ വർദ്ധനവ് വരുത്തി;

(ഇ) വർദ്ധന വരുത്തിയശേഷം തൈക്കാട് വില്ലേജിൽ വർദ്ധനവരുത്തിയതിന് ആനുപാതികമായി നികുതി വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ?

ഉത്തരം

(എ) തൈക്കാട് വില്ലേജിലെ കഴിഞ്ഞ അഞ്ചു വർഷത്തെ ഭൂനികുതി വരവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1994-95 സാമ്പത്തിക വർഷം

1994	ഏപ്രിൽ	-	2476.00 രൂപ
"	മേയ്	-	3004.00 രൂപ
"	ജൂൺ	-	3480.00 രൂപ
"	ജൂലൈ	-	3533.00 രൂപ
"	ആഗസ്റ്റ്	-	4036.00 രൂപ
"	സെപ്തംബർ	-	1953.00 രൂപ
"	ഒക്ടോബർ	-	3168.00 രൂപ
"	നവംബർ	-	4330.00 രൂപ
"	ഡിസംബർ	-	5212.00 രൂപ
1995	ജനുവരി	-	5785.00 രൂപ
"	ഫെബ്രുവരി	-	2610.00 രൂപ
"	മാർച്ച്	-	3916.00 രൂപ

1995-96 സാമ്പത്തിക വർഷം

1995	ഏപ്രിൽ	-	5536.00 രൂപ
"	മേയ്	-	4369.00 രൂപ
"	ജൂൺ	-	4081.00 രൂപ
"	ജൂലൈ	-	3517.00 രൂപ
"	ആഗസ്റ്റ്	-	4114.00 രൂപ
"	സെപ്റ്റംബർ	-	2863.00 രൂപ
"	ഒക്ടോബർ	-	4330.00 രൂപ
"	നവംബർ	-	3956.00 രൂപ
"	ഡിസംബർ	-	3683.00 രൂപ
1996	ജനുവരി	-	6246.00 രൂപ
"	ഫെബ്രുവരി	-	3235.00 രൂപ
"	മാർച്ച്	-	5168.00 രൂപ

1996-97 സാമ്പത്തിക വർഷം

1996	ഏപ്രിൽ	-	3308.00 രൂപ
"	മേയ്	-	4145.00 രൂപ
"	ജൂൺ	-	3895.00 രൂപ
"	ജൂലൈ	-	4626.00 രൂപ
"	ആഗസ്റ്റ്	-	4626.00 രൂപ
"	സെപ്റ്റംബർ	-	4326.00 രൂപ
"	ഒക്ടോബർ	-	9359.00 രൂപ
"	നവംബർ	-	3566.00 രൂപ

LIBRARY ARCHIVES Kerala Legislative Assembly

"	ഡിസംബർ	-	4108.00 രൂപ
1997	ജനുവരി	-	10306.00 രൂപ
"	ഫെബ്രുവരി	-	4073.00 രൂപ
"	മാർച്ച്	-	3845.00 രൂപ

1997-98 സാമ്പത്തിക വർഷം

1997	ഏപ്രിൽ	-	6356.00 രൂപ
"	മേയ്	-	4539.00 രൂപ
"	ജൂൺ	-	3902.00 രൂപ
"	ജൂലൈ	-	4664.00 രൂപ
"	ആഗസ്റ്റ്	-	4249.00 രൂപ
"	സെപ്റ്റംബർ	-	3384.00 രൂപ
"	ഒക്ടോബർ	-	5278.00 രൂപ
"	നവംബർ	-	4772.00 രൂപ
"	ഡിസംബർ	-	6513.00 രൂപ
1998	ജനുവരി	-	7018.00 രൂപ
"	ഫെബ്രുവരി	-	4306.00 രൂപ
"	മാർച്ച്	-	5963.00 രൂപ

1998-99 സാമ്പത്തിക വർഷം

1998	ഏപ്രിൽ	-	6419.00 രൂപ
"	മേയ്	-	6889.00 രൂപ
"	ജൂൺ	-	5726.00 രൂപ
"	ജൂലൈ	-	7243.00 രൂപ
"	ആഗസ്റ്റ്	-	5629.00 രൂപ
"	സെപ്റ്റംബർ	-	4269.00 രൂപ
"	ഒക്ടോബർ	-	10084.00 രൂപ
"	നവംബർ	-	5793.00 രൂപ
"	ഡിസംബർ	-	9590.00 രൂപ
1999	ജനുവരി	-	13219.00 രൂപ
"	ഫെബ്രുവരി	-	10594.00 രൂപ
"	മാർച്ച്	-	18876.00 രൂപ

(ബി) 1998 മാർച്ച് 31-ന് വില്ലേജിലെ മൊത്തം കുടിശ്ശിക 104739.86 രൂപ. വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

1993-94	-	38117.86 രൂപ
1994-95	-	26874.60 രൂപ
1995-96	-	19385.60 രൂപ
1996-97	-	10436.20 രൂപ

LIBRARY ARCHIVES Kerala Legislative Assembly

1997-98 - 9925.60 രൂപ

ആകെ 104739.86 രൂപ

==========

(സി) വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നഗരത്തിൽ 2 താറിൽ കൂടുതൽ ഭൂമിക്ക് 100% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 1.4.1998 മുതൽക്കാണ് വർദ്ധനവ് നിലവിൽ വന്നിട്ടുള്ളത്.

(ഇ) ഉണ്ട്.

രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി

76 (2873) ശ്രീ. ബി. വിജയകുമാർ :

ശ്രീ. വി. ബാലറാം :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം രാഷ്ട്രീയ കക്ഷികൾക്ക് ഭൂമി നൽകിയിട്ടുണ്ട്;

(ബി) എന്തെല്ലാം വ്യവസ്ഥയിലാണ് ഭൂമി നൽകുന്നത്;

(സി) എവിടെയെല്ലാം എത്ര സ്ഥലം വീതമാണ് ഓരോ പാർട്ടിയും നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. എൻ.ഇ. ബലറാമിന്റെ സ്മരണക്കായി കെട്ടിടം നിർമ്മിക്കുന്നതിന് എൻ.ഇ. ബലറാം സ്മാരക സമിതിക്ക് കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ രണ്ട് സെന്റ് സ്ഥലവും, കൂത്തുപറമ്പ് സംഭവത്തിൽ വെടിയേറ്റു മരിച്ചവരുടെ സ്മരണയ്ക്കായി സ്മാരകം പണിയുന്നതിന് ഡി.വൈ.എഫ്.ഐ. കേരള സംസ്ഥാന കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ കണ്ണൂർ ജില്ലയിൽ കൂത്തുപറംപംശം നരവൂർ ദേശത്ത് ആറ് സെന്റ് ഭൂമിയും, ശ്രീ. എ.കെ. ഗോപാലന്റെ പ്രതിമ സ്ഥാപിക്കുന്നതിന് സി.പി.ഐ. (എം.) കണ്ണൂർ ജില്ലാ സെക്രട്ടറിയുടെ പേരിൽ കണ്ണൂർ -2 വില്ലേജിൽ രണ്ടു സെന്റ് ഭൂമിയും പതിച്ചു നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത്.

ഇ.എം.എസ് അക്കാഡമി

77 (2846) ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly